**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 434 28.06.2011-ൽ മറുപടിക്ക്

**പാറകപാറികളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ) അനധികൃത പാറകപാറികളുടെ പ്രവർത്തനം തൊഴിലാളികൾക്കും സമീപവാസികൾക്കും അപകടവും നാശനഷ്ടങ്ങളും വരുത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത പാറമടകളുടെ പ്രവർത്തനം നിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട് |
| (ബി) നിയമാനുസൃതമായി പ്രവർത്തിക്കുന്ന ക്വാറികളിലും സുരക്ഷാ സംവിധാനങ്ങൾ പൂർണ്ണമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് പഠിക്കുവാൻ സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) ക്വാറി പ്രവർത്തനം നിർത്തി വയ്ക്കുന്നതുമൂലം തൊഴിൽരംഗത്തും നിർമ്മാണമേഖലയിലും ഉണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി&ഡി) ഉണ്ട്. ക്വാറിപ്രവർത്തനം നിർത്തി വയ്ക്കുന്നതുമൂലം നിർമ്മാണ വസ്തുക്കൾക്ക് ക്ഷാമം നേരിടുകയും തന്മൂലം അവയുടെ വില വർദ്ധനയ്ക്ക് ഇടവരുകയും ചെയ്യും. ക്വാറി മേഖലയിൽ പ്രവർത്തിക്കുന്നവർക്കും തൊഴിൽ നഷ്ടപ്പെടാനുള്ള സാധ്യത ഏറെയാണ്. പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ